**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3386** **15-02-2024 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടെ തസ്തിക നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്രവർഷമായി അദ്ധ്യാപകരുടെ തസ്തിക നിർണ്ണയം നടക്കുന്നില്ലായെന്ന് വ്യക്തമാക്കാമോ; | (എ) | കെ.ഇ.ആർ. അദ്ധ്യായം XXIII ചട്ടം 12(1) പ്രകാരം അധ്യയന വർഷത്തെ 6-ാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തുന്നത്. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ എല്ലാ വർഷവും തസ്തിക നിർണ്ണയം ചട്ടപ്രകാരം നടത്തേണ്ടതുണ്ട്. എന്നാൽ തസ്തിക നിർണ്ണയം നടത്താൻപറ്റാത്ത സാഹചര്യങ്ങൾ ഉണ്ടായാൽ, കഴിഞ്ഞ അധ്യയന വർഷത്തെ തസ്തിക നിർണ്ണയം തന്നെ തുടർ വർഷങ്ങളിലേക്ക് ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ ചട്ടത്തിൽ വ്യവസ്ഥ ഉണ്ട്. അപ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും അതത് അധ്യയന വർഷം തസ്തിക നിർണ്ണയം നടത്തുകയോ, മുൻ വർഷങ്ങളിൽ നടത്തിയ തസ്തിക നിർണ്ണയം ബാധകമാക്കുകയോ ചെയ്തുവരുന്നു. കോവിഡ് കാലയളവിലൊഴികെ മറ്റ് അക്കാദമിക വർഷങ്ങളിൽ തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ട്. |
| (ബി) | തസ്തിക നിർണ്ണയം നടക്കാത്തതിനാൽ പ്രയാസം അനുഭവിക്കുന്ന എത്ര അദ്ധ്യാപകരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;പ്പോൾ; | (ബി) | കെ.ഇ.ആർ. അദ്ധ്യായം XXIII ചട്ടം 12(1) പ്രകാരം അധ്യയന വർഷത്തെ 6-ാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തുന്നത്. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ എല്ലാ വർഷവും തസ്തിക നിർണ്ണയം ചട്ടപ്രകാരം നടത്തേണ്ടതുണ്ട്. എന്നാൽ തസ്തിക നിർണ്ണയം നടത്താൻപറ്റാത്ത സാഹചര്യങ്ങൾ ഉണ്ടായാൽ, കഴിഞ്ഞ അധ്യയന വർഷത്തെ തസ്തിക നിർണ്ണയം തന്നെ തുടർ വർഷങ്ങളിലേക്ക് ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ ചട്ടത്തിൽ വ്യവസ്ഥ ഉണ്ട്. അപ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും അതത് അധ്യയന വർഷം തസ്തിക നിർണ്ണയം നടത്തുകയോ, മുൻ വർഷങ്ങളിൽ നടത്തിയ തസ്തിക നിർണ്ണയം ബാധകമാക്കുകയോ |

| | | | |
|---|---|---|---|
| | | | ചെയ്തുവരുന്നു. കോവിഡ് കാലയളവിലൊഴികെ മറ്റ് അക്കാദമിക വർഷങ്ങളിൽ തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ട്. |
| (സി) | ദിവസവേതാനാടിസ്ഥാനത്തിൽ ജോലി ചെയ്ത എത്ര അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ ബാക്കിയുണ്ട്; പ്രസ്തുത അദ്ധ്യാപകർക്ക് എത്ര മാസത്തെ ശമ്പളം നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;പ്പോൾ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | കാസർകോട് പൊതുവിദ്യാഭ്യാസ ജില്ലയിലെ നെല്ലിക്കുന്ന് അൻവാറുൾ ഉലൂം എ.യു.പി. സ്കൂളിൽ ആയിഷത്ത് ഷിഫാന ടി എസ്, ആയിഷത്ത് ഷംസാന എന്നീ അദ്ധ്യാപികമാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ഡി) | ജോലി ചെയ്തിരുന്നു. |
| (ഇ) | എങ്കിൽ ഏത് വർഷം, എത്ര മാസമാണ് ജോലി ചെയ്തതെന്നും പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം നൽകിയിരുന്നോ എന്നും വ്യക്തമാക്കാമോ; പ്രസ്തുത അദ്ധ്യാപകർക്ക് എന്തുകൊണ്ടാണ് ശമ്പളം നൽകാതിരുന്നതെന്നും എന്നത്തേയ്ക്ക നൽകുമെന്നും വ്യക്തമാക്കാമോ? | (ഇ) | 2023-24 അധ്യയന വർഷം ആയിഷത്ത് ഷിഫാന ടി.എസ്., ആയിഷത്ത് ഷംസാന എന്നീ അദ്ധ്യാപകർ അൻവാറുൾ ഉലൂം എ.യു.പി. സ്കൂളിൽ 7 മാസം ജോലി ചെയ്തിരുന്നു. ടി അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടില്ല. സമന്വയ മുഖേന ലഭ്യമായ ടി അദ്ധ്യാപകരുടെ നിയമനാംഗീകാര ശുപാർശയിൽ ന്യൂനതകൾ ഉള്ളതിനാൽ അത് പരിഹരിക്കുവാൻ സ്കൂൾ പ്രധാനാദ്ധ്യാപകന് നിർദ്ദേശം നൽകിയിട്ടുണ്ട്. സമന്വയ ഫയലിൽ DATE OF OCCURRENCE OF VACANCY തെറ്റായി രേഖപ്പെടുത്തിയത് തിരുത്താനും, അപ്പോയ്മെന്റ് ഓർഡറിൽ വേക്കൻസിയെ കുറിച്ച് വ്യക്തത വരുത്താനുമാണ് പ്രധാനാദ്ധ്യാപകന് നിർദ്ദേശം നൽകിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ഇവരുടെ നിയമനം അംഗീകരിക്കുന്നതിനും തുടർന്ന് ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പ്രധാനാദ്ധ്യാപകന് നിർദ്ദേശം നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ